DISPATCHED
On 06/8/22

(൯൯)


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 2193*(7)/2014*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

*(ഫയൽ നമ്പർ **13358**/എസ്.ഐ.സി-ജി 6/2014)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. റഷീദ്,
S/o ബീരാൻകുട്ടി,
കുമ്മാളി വെളുത്തിരി പറമ്പ് വീട്,
കലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ.,
ചേലേമ്പ്ര. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
വില്ലേജ് ഓഫീസർ,
ചേലേമ്പ്ര.

2. അപ്പീൽ അധികാരി&
അഡീഷണൽ തഹസിൽദാർ,
കൊണ്ടോട്ടി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19.07.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 12.08.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി<br>ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 21.08.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 23.08.2014 |
| ഹിയറിംഗ് നടന്ന തീയതി | 12.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. റഷീദ്, 21.08.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 23.08.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.2193(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 19.07.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 1963ലെ 1660 നമ്പർ ആധാരപ്രകാരം കുമ്മാളി വെളിത്തിരി അഹമ്മദ്കുട്ടിയ്ക്ക് സിദ്ധിച്ചതും സർവ്വെ നമ്പർ 170/ 588ൽ 4ന്റെ 1963ലെ എ.രജിസ്റ്ററിന്റെയും എഫ്.എം.ബി.യുടെയും മേൽപ്പടി ആധാരത്തിലെ 179ൽ 4 സർവ്വെ നമ്പർ 265ൽ 3ന്റെയും എ.രജിസ്റ്ററിന്റെയും എഫ്.എം.ബി.യുടെയും പകർപ്പ് അനുവദിച്ച് നൽകണമെന്നും 1976ലെ 8615 നമ്പർ അപേക്ഷയിൽ 1978ലെ 2361 നമ്പർ പതിച്ചു കൊടുക്കൽ സർട്ടിഫിക്കറ്റ് പ്രകാരം സർവ്വെ നമ്പർ 164ൽ 3 റി.സ.569ൽ 2ന്റെ എ.രജിസ്റ്ററിന്റെയും എഫ്.എം.ബി.യുടെയും പകർപ്പ് അനുവദിച്ച് നൽകണമെന്നും തുടങ്ങി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 12.08.2014ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപ്പീൽ ഹർജിയിന്മേൽ വിചാരണ നടത്തുന്നതിന് അപ്പീൽ അധികാരിയായ കൊണ്ടോട്ടി അഡീഷണൽ തഹസിൽദാർ 08.10.2014ന് രാവിലെ 11 മണിയ്ക്ക് വിചാരണയ്ക്ക് വച്ചിരിക്കുന്നുവെന്നും അന്നേദിവസം കൃത്യ സമയത്ത് രേഖകൾ സഹിതം ഹാജരാകേണ്ടതാണെന്നും ഹാജരാകാത്തപക്ഷം ടി അപേക്ഷയിൽ ടിയാന് ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ഫയൽ തീർപ്പാക്കുമെന്നാണ് അറിയിച്ചത്.

(101)

4. 08.10.2014ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ കമ്മീഷനിൽ നിന്നും ലഭിച്ച നിർദ്ദേശപ്രകാരം എസ്.പി.ഐ.ഒ.യോട് വിശദീകരണം ആവശ്യപ്പെട്ടതും ടിയാന്റെ റിപ്പോർട്ടിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയപരിധിയ്ക്കുള്ളിൽത്തന്നെ മറുപടി നൽകിയിട്ടുള്ളതും എന്നാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളിൽ നാലെണ്ണം സർക്കാർ പ്രത്യേകമായി നിശ്ചയിച്ചിട്ടുള്ള ഫീസ് നിർദ്ദേശിച്ചുള്ളതാണെന്നും ആയതിന് ഓരോ പകർപ്പിനും സർക്കാറിന്റെ നിശ്ചിത ഫീസ് ഒടുക്കുവാനുള്ള തുക ഉൾപ്പെടെ ടിയാന് മറുപടി നൽകിയിരുന്നുവെന്നാണ്. പ്രസ്തുത ഫീസൊടുക്കി ചെലാൻ ഹാജരാക്കാത്തതിനാലാണ് പകർപ്പ് നൽകാതിരുന്നതെന്നും ടി സാഹചര്യത്തിൽ ഇരുകക്ഷികളെയും വിചാരണയ്ക്ക് വിളിച്ചിട്ടുള്ളതും രേഖകൾ പരിശോധിക്കുകയും ചെയ്തുവെന്നുമാണ്. ആയതിൽ ഹർജിക്കാരന് നിശ്ചിത സമയപരിധിയ്ക്കുള്ളിൽത്തന്നെ മറുപടി നൽകിയിട്ടുള്ളതും സർക്കാർ നിശ്ചയിച്ച ഫീസ് എത്രയാണെന്നും വ്യക്തമായി ടിയാനെ അറിയിച്ചിട്ടുണ്ടെന്നുമാണ്. ഹർജിക്കാരൻ വിചാരണയിൽ പങ്കെടുത്തെങ്കിലും മൊഴിയിൽ ഒപ്പിടാൻ വിസമ്മതിച്ചുവെന്നും സർക്കാർ നിശ്ചയിച്ച ഫീസ് ഒടുക്കുന്ന മുറയ്ക്ക് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിനായി എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും ഫീസ് ഒടുക്കിയിട്ടും രേഖകൾ ലഭ്യമാക്കിയില്ലെന്നുമാണ് ടിയാൻ പരാതി ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് 12.08.2014ന് നൽകിയ വിവരാവകാശ നിയമം 7(1) പ്രകാരമുള്ള മറുപടിയിൽ നിയമവിരുദ്ധമായ sales tax ഒടുക്കാൻ ആവശ്യപ്പെട്ടതായും കമ്മീഷൻ നിരീക്ഷിക്കുന്നു. ആയതിനാൽ തെറ്റായ മറുപടി നൽകിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച വിവരാകാശ നിയമപ്രകാരം ഗുരുത

രമാകയാൽ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

കൂടാതെ ഹർജിക്കാരൻ അടവാക്കിയ 2545/- രൂപ ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ടിയാന് തിരികെ നൽകണമെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ സൗജന്യമായി നൽകണമെന്നും പ്രസ്തുത വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

6.മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജൂലൈ 29-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

DESPATCHED
On.9/3/23...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**A.P.2193(7)/2014/SIC തീർപ്പു കൽപിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.13358/SIC-G6/2014**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. റഷീദ്,<br>S/o ബീരാൻകുട്ടി,<br>കുമ്മാളി വെളുത്തിരിപറമ്പ് വീട്,<br>കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ.,<br>ചേലേമ്പ്ര | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ് ചേലേമ്പ്ര, മലപ്പുറം<br>2. അപ്പീൽ അധികാരി & അഡീഷണൽ തഹസിൽദാർ, കൊണ്ടോട്ടി താലൂക്ക് ആഫീസ്, മലപ്പുറം | എതിർകക്ഷികൾ |

**അന്തിമ ഉത്തരവ്**

മേൽ അപ്പീൽ ഹർജിയിന്മേൽ കമ്മീഷന്റെ 2022 ജൂലൈ മാസം 29-ാം തീയതിയിലെ ഉത്തരവു പ്രകാരം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. അനിൽ കുമാർ വി. നൽകിയ വിശദീകരണം തൃപ്തികരമല്ല. ഹർജിക്കാരൻ പണമടച്ചിട്ടും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പകർപ്പുകൾ അപേക്ഷകന് ലഭ്യമാക്കിയിട്ടില്ല എന്ന് കമ്മീഷന് ബോധ്യമാകുന്നു. മാത്രമല്ല അപേക്ഷകനോട് കരമടച്ച രസീത് ഹാജരാക്കിയാലേ പകർപ്പുകൾ നൽകാൻ കഴിയൂ എന്നും വിവരാവകാശ നിയമത്തിന് വിരുദ്ധമായി എസ്.പി.ഐ.ഒ. നിർദ്ദേശം നൽകിയതായും കമ്മീഷൻ വിലയിരുത്തുന്നു. അതിനാൽ ടിയാനെ ശിക്ഷിക്കുവാനും, ശിക്ഷയായി

(മറുപുറം)

10,000/- രൂപ (പതിനായിരം രൂപ മാത്രം) പിഴയിനത്തിൽ ശ്രീ. അനിൽ കുമാർ വി. -യിൽ നിന്നും ഈടാക്കുവാനും കമ്മീഷൻ ഉത്തരവാകുന്നു.

ഈ ഉത്തരവ് കിട്ടി 30 ദിവസത്തിനകം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. അനിൽ കുമാർ വി. 10,000/- രൂപ (പതിനായിരം രൂപ മാത്രം) "0070-60-118-99 Receipts Under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം ചലാന്റെ അസൽ സഹിതം കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടി തുക ടിയാന്റെ ശമ്പളത്തിൽ നിന്ന് പിടിച്ച് മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി അടയ്ക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതും, ടി വിവരം കമ്മീഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ ഉത്തരവ് ഇന്നേ ദിവസം **2023 ഫെബ്രുവരി മാസം 23-ാം തീയതി** കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

RIGHT TO INFORMATION

dp